LIBRARY ARCHIVES Kerala Legislative Assembly

പള്ളിവാസൽ കെ.എസ്.ഇ.ബി. പ്രോജക്ടിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ

120(2373) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ കെ.എസ്.ഇ.ബി. പ്രോജക്ടിന്റെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾക്കായി കെ.ഡി.എച്ച്. വില്ലേജിൽ നിന്നും എന്തു സ്ഥലം ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ഇപ്പോൾ എന്തൊക്കെ തടസ്സങ്ങളാണ് നിലനിൽക്കുന്നത് ;

(ഡി) ഇത്തരം തടസ്സങ്ങൾ ഒഴിവാക്കി ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ പണി ഇപ്പോൾ പുരോഗമിക്കുന്നു. 39% ജോലികൾ പൂർത്തീകരിച്ചു. ഈ പദ്ധതി 2012 ജൂൺ മാസത്തിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ മുഴുവൻ സ്ഥലവും ഏറ്റെടുത്തു കഴിഞ്ഞു. പദ്ധതിക്കായി കെ.ഡി.എച്ച്. വില്ലേജിൽ നിന്നും ഇനി സ്ഥലം ഏറ്റടുക്കുവാനില്ല.

(സി&ഡി) ബാധകമല്ല.

വൈദ്യുതി ചാർജ്

121(2374) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതിക്ക് യൂണിറ്റൊന്നിന് എത്ര ചാർജ് ഈടാക്കിയിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോഴത്തെ നിരക്കെത്ര ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ചാർജ്, വൈദ്യുതി കണക്ഷൻ ചാർജ് മറ്റ് അനുബന്ധ ഇനങ്ങൾ എന്നിവയിൽ എന്തെല്ലാം വർദ്ധനവ് വരുത്തി എന്ന് വ്യക്തമാക്കുമോ ;

(ഡി) 2006 മുതൽ വൈദ്യുതി ചാർജ്ജിൽ എത്ര തുക സർചാർജ്ജായി ഏർപ്പെടുത്തി എന്ന് വ്യക്തമാക്കുമോ ;

(ഇ) വിവിധ ഇനം വൈദ്യുതി മീറ്ററുകളുടെ വാടക നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പുതിയ വൈദ്യുതി ഭവൻ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 2002 നവംബർ 1-ാം തീയതിയിലെ 1577-ാം നമ്പർ ഗസറ്റ് പ്രകാരമുള്ള വൈദ്യുതി നിരക്കുകളാണ് ഈടാക്കിയിരുന്നത്. വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയിരുന്ന വ്യത്യസ്ത നിരക്കുകളടക്കമുള്ള പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

(ബി) 2010 ജനുവരി 1 മുതൽ നിലവിൽ വന്ന നിരക്കുകളാണ് ഇപ്പോൾ ഈടാക്കുന്നത്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.*

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 26-11-2007-ലെ ഉത്തരവ് പ്രകാരം എച്ച്.ടി. IV (വാണിജ്യം) ഉപഭോക്താക്കൾക്ക് എനർജി ചാർജിൽ യൂണിറ്റിന് 50 പൈസ വർദ്ധനവ് വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിലൂടെ എൽ.ടി. III, എൽ.ടി. IV ഡി, എൽ.ടി.VII എ, എൽ.ടി.VII ബി എന്നീ വിഭാഗങ്ങളിലെ ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കുറവു വരുത്തിയിട്ടുണ്ട്. മറ്റ് അനുബന്ധ ഇനങ്ങളുടെ നിരക്കുകളിലൊന്നും വർദ്ധനവ് വരുത്തിയിട്ടില്ല.

(ഡി) 2008-09 വർഷത്തിലാണ് ആദ്യമായി സർചാർജ് ഏർപ്പെടുത്തിയത്. 20-8-2008 മുതൽ ഫെബ്രുവരി 2009 വരെ പ്രതിമാസം 80 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള എല്ലാ ഉപഭോക്താക്കൾക്കും യൂണിറ്റിന് 50 പൈസ നിരക്കിൽ സർചാർജ്ജ് ഏർപ്പെടുത്തിയിരിക്കുന്നു. അതിനുശേഷം 2010 ഏപ്രിൽ മുതൽ 2010 സെപ്റ്റംബർ വരെ പ്രതിമാസം 120 യൂണിറ്റുവരെ വൈദ്യുതി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കളൊഴികെയുള്ളവർക്ക് യൂണിറ്റിന് 25 പൈസ നിരക്കിൽ സർചാർജ്ജ് ഏർപ്പെടുത്തിയിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 42 പുതിയ ഓഫീസുകൾ നിർമ്മിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്. ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഇതിൽ 11 ഓഫീസുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

വൈദ്യുതിബോർഡ് കമ്പനിയാക്കൽ

122(2375) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പനിവൽക്കരണത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിന്റെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ചപ്പോൾ തന്ത്രപ്രധാനമായ വിതരണമേഖലയിലെ വസ്തുക്കളെ ഒഴിവാക്കിയാണ് ഇത് നിർണ്ണയിച്ചതെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2008 സെപ്റ്റംബർ 25-നു പുറത്തിറക്കിയ ആദ്യകൈമാറ്റ പദ്ധതിയിൽ ബോർഡിന്റെ ആസ്തികൾക്ക് 7524.05 കോടി രൂപ വില നിശ്ചയിച്ചിരുന്നോ എന്നറിയിക്കുമോ ;

(സി) എന്നാൽ രണ്ടു വർഷം കഴിഞ്ഞപ്പോൾ ആസ്തിയിൽ 1028.04 കോടി രൂപയുടെ കുറവ് രേഖപ്പെടുത്തുകയുണ്ടായോ ;

(ഡി) എങ്കിൽ ഈ കാലയളവിൽ ഭൂമി അടക്കമുള്ള സ്വത്തുക്കളുടെ വില ഇരട്ടിയിലേറെ വർദ്ധിച്ചിട്ടും ഈ കുറവ് വരാനുണ്ടായ കാരണമെന്ത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ബോർഡിന്റെ കൈവശം ഇപ്പോൾ ഉള്ള ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ പൂർണ്ണമായും ലഭ്യമല്ലാത്ത സാഹചര്യം ഇപ്പോൾ ഉണ്ടോ ;

(എഫ്) എങ്കിൽ അവ ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും ; ഇവ കൂടി വന്നുചേരുമ്പോൾ ബോർഡിന്റെ ആസ്തിയിൽ നിലവിലുള്ളതിനേക്കാൾ ഗണ്യമായ വർദ്ധനവുണ്ടാകില്ലേ എന്ന് വ്യക്തമാക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) മറിച്ച് ഇവ ലഭ്യമാകാതെ കൈമാറിയാൽ കോടിക്കണക്കിന് രൂപ വിലവരുന്ന ഭൂമി അന്യാധീനപ്പെടാൻ ഇടയാകില്ലേ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ:

(എച്ച്) തന്ത്രപ്രധാനമായ വിതരണശൃംഖല സഹകരണമേഖലയ്ക്ക് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly